(ഡി) ഇതിന് പകരമായി പ്രത്യേകം എന്തെങ്കിലും നൽകാൻ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

(ഇ) ജനുവരി 4-ാം തീയതി കേരളവും തമിഴ്നാടും തമ്മിൽ നടന്ന മന്ത്രിതല ചർച്ചയിൽ കേരളം ഇക്കാര്യം ഉന്നയിക്കുകയും വെള്ളം കൃഷിക്ക് ആവശ്യമുള്ളപ്പോൾ വിട്ടുതരാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജലം മുഴുവൻ തരാത്ത വർഷങ്ങളിൽ ഉണ്ടാകുന്ന കമ്മി (back log) അടുത്ത വർഷത്തിലെ കണക്കിൽ ഉൾപ്പെടുത്തി ആ അളവ് ജലം നൽകിപ്പോരുകയാണ് ചെയ്തുവരുന്നത്. പ്രത്യേകമായി പരിഹാരത്തിനുള്ള വ്യവസ്ഥകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. കരാറിൽ തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആർബിട്രേഷന് വ്യവസ്ഥയുണ്ട്.

(ജി) ധാരണകൾക്ക് അന്തിമരൂപം കൈവന്നിട്ടില്ല.

കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം

70 [788] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പ്രമുഖ സ്ഥാനമുള്ള കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2001-ൽ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിനായി ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയ്യൂർ സമരത്തിലെ രക്തസാക്ഷികൾക്ക് സ്മാരകം നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ തീരുമാനിച്ചുകൊണ്ട് 22-2-2001-ൽ അന്നത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആയതിന് ബഡ്ജറ്റിൽ തുക വകകൊള്ളിക്കാതിരുന്നതിനാൽ ധനസഹായം നൽകാൻ സാധിച്ചില്ല.

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) 2003-04 ബഡ്ജറ്റിൽ ഇതിനായി തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ധനസഹായം ലഭ്യമാക്കാൻ കഴിയുകയില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർനിയമനം നൽകപ്പെട്ട ഉദ്യോഗസ്ഥർ

71 [789] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽനിന്നും എത്ര ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർ വിന്യാസം നൽകി നിയമിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർ എത്രപേർ വീതം ഡിപ്ലോയ് ചെയ്ത വരായി ജോലിചെയ്യുന്നു എന്ന് വകുപ്പുതിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽനിന്നും വിവിധ തസ്തികകളിലായി ആകെ 3942 ഉദ്യോഗസ്ഥരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം നൽകി നിയമിച്ചിട്ടുണ്ട്.

(ബി) 31-5-2002-ലെ ജി.ഒ. (എംഎസ്.) 90/02/തസ്വഭവ. പ്രകാരം വിവിധ വകുപ്പുകളിൽനിന്നും ഡിപ്ലോയ് ചെയ്ത് നിയമിച്ച ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

വകുപ്പ്		ജീവനക്കാരുടെ എണ്ണം
കൃഷി വകുപ്പ്	..	334
മണ്ണുസംരക്ഷണ വകുപ്പ്	..	30
മൃഗ സംരക്ഷണ വകുപ്പ്	..	48
ക്ഷീര വികസന വകുപ്പ്	..	24
ഫിഷറീസ് വകുപ്പ്	..	27
വ്യവസായ വകുപ്പ്	..	28
സഹകരണ വകുപ്പ്	..	28
പൊതുമരാമത്ത് വകുപ്പ്	..	62
ജലവിഭവ വകുപ്പ്	..	297
ഗ്രാമവികസന വകുപ്പ്	..	11
സാമൂഹ്യക്ഷേമ വകുപ്പ്	..	87
വിദ്യാഭ്യാസ വകുപ്പ്	..	15
ആരോഗ്യ വകുപ്പ്	..	28
നാട്ടുചികിത്സാ വകുപ്പ്	..	19
റവന്യൂ വകുപ്പ്	..	126
തൊഴിൽ വകുപ്പ്	..	35
എംപ്ലോയ്മെന്റ് വകുപ്പ്	..	26
ആകെ	..	1225

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ തദ്ദേശ സ്വയംഭരണ (പൊതുമരാമത്ത്), തദ്ദേശ സ്വയംഭരണ (ജല വിഭവം) വകുപ്പുകളിലായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്.

ക്രമ നമ്പർ	തസ്തിക		തദ്ദേശ സ്വയംഭരണ (പൊതുമരാമത്ത്) വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം	തദ്ദേശ സ്വയംഭരണ (ജലവിഭവ) വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം
സാങ്കേതിക വിഭാഗം				
1.	ചീഫ് എൻജിനീയർ	..	1	..
2.	സൂപ്രണ്ടിംഗ് എൻജിനീയർ	..	3	..
3.	എക്സിക്യൂട്ടീവ് എൻജിനീയർ	..	9	10
4.	അസിസ്റ്റന്റ് എക്സി. എൻജിനീയർ	..	101	85
5.	അസിസ്റ്റന്റ് എൻജിനീയർ	..	196	184
6.	ഓവർസിയർ	..	579	967
	ആകെ		889	1246
മിനിസ്റ്റീരിയൽ വിഭാഗം				
1.	അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	..	1	..
2.	ജൂനിയർ സൂപ്രണ്ട്	..	18	..
3.	ക്ലാർക്ക്	..	341	..
4.	ടൈപ്പിസ്റ്റ്	..	106	..
5.	പ്യൂൺ	..	116	..
6.	പാർട്ട് ടൈം സ്വീപ്പർ	..	4	..
	ആകെ		582	..

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നവീകരണ പരിപാടിക്ക് ബജറ്റിൽ വകയിരുത്തിയ തുക

72 [790] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിർവ്വഹണം നടത്തുവാൻ നിർദ്ദേശിക്കപ്പെട്ട നവീകരണ പരിപാടികൾ ഓരോന്നിനും ചെലവഴിക്കാനായി 2003-04-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക മൊത്തം എത്ര കോടിയായിരുന്നു;

(ബി) ഈ തുകയിൽനിന്ന് ഇതിനകം ഏതെല്ലാം കാര്യങ്ങൾക്ക് എത്ര തുകവീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly